www.malankaralibrary.com

## പിതാവിന്റെ ഹൃദയത്തോടെ (പാത്രിസ് കോർദെ)

വിശുദ്ധ യൗസേപ്പിനെ സാർവത്രികസഭയുടെ മദ്ധ്യസ്ഥനായി ഒൻപതാം പീയൂസ് പാപ്പ പ്രഖ്യാപിച്ചതിന്റെ നൂറ്റിമ്പത്താം വാർഷികത്തോടനുബന്ധിച്ച് 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വിശുദ്ധ യൗസേപ്പിന്റെ വർഷമായി ആചരിക്കുവാൻ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്തിരിക്കുകയാണല്ലോ. ഈ പശ്ചാത്തലത്തിൽ, ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ച പിതാവിന്റെ ഹൃദയത്തോടെ (പാത്രിസ് കോർദെ) എന്ന അപ്പസ്തോലികലേഖനത്തെക്കുറിച്ചുള്ള ലഘുവായ വിശദീകരണമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

### 1. സുവിശേഷത്തിലെ യൗസേപ്പ്

മറിയത്തിന്റെ ഭർത്താവും ഈശോയുടെ വളർത്തുപിതാവുമായിരുന്ന യൗസേപ്പിനെക്കുറിച്ച് മത്തായി, ലൂക്കാ തുടങ്ങിയ സുവിശേഷകന്മാർ മാത്രമേ അൽപമെങ്കിലും സൂചിപ്പിക്കുന്നുള്ളൂ. യൗസേപ്പ് ഒരു തച്ചനായിരുന്നു (മത്താ 13:55). മറിയവുമായി വിവാഹനിശ്ചയം കഴിഞ്ഞിരുന്ന യൗസേപ്പ് (മത്താ 1:18, ലൂക്കാ 1:27) നീതിമാനും (മത്താ 1:19) ദൈവഹിതം നിറവേറ്റാൻ എപ്പോഴും സന്നദ്ധനുമായിരുന്നു (ലൂക്കാ 2:22, 27, 39). നസ്രത്തിൽ നിന്നും ബത്‌ലേഹമിലേക്കുള്ള യാത്രയ്ക്കും അവിടെ ഈശോയുടെ ജനനത്തിനും (മത്താ 13:55) യൗസേപ്പ് സാക്ഷ്യം വഹിച്ചു. ആട്ടിടയന്മാർ വന്ന് ദിവ്യപൈതലിനെ ആരാധിച്ചതിനും (ലൂക്കാ 2:8-20) ജ്യോതിശാസ്ത്രികൾവന്ന് കാഴ്ചകൾ സമർപ്പിച്ചതിനും (മത്താ 2: 1-12) യൗസേപ്പ് സാക്ഷിയായി. ഈശോയ്ക്ക് പേരിടുന്ന വേളയിലും യൗസേപ്പ് മാലാഖയുടെ വാക്കുകൾക്ക് കാതോർത്തു (മത്താ 1: 21). നാല്പതാംനാൾ ഈശോയെ ദൈവാലയത്തിൽ സമർപ്പിക്കുന്നതും ശിമയോന്റെ പ്രവാചകവചസ്സുകൾ ശ്രവിക്കുന്നതും യൗസേപ്പാണ് (ലൂക്കാ 2:22-35). ഈശോയെ രക്ഷിക്കാൻ മറിയത്തോടൊപ്പം യൗസേപ്പും ഈജിപ്തിലേക്ക് പലായനം ചെയ്യുന്നു (മത്താ 2: 13-18). പിന്നീട് അവിടെനിന്ന് തിരിച്ചുവന്ന് നസ്രത്തിൽ രഹസ്യത്തിലാണ് യൗസേപ്പും കുടുംബവും പാർക്കുന്നത്. ജറുസലേം ദൈവാലയത്തിൽവച്ച് ഈശോയെ കാണാതെ പോയപ്പോഴും ഒരുപിതാവിന്റെ ആകുലതയോടെയാണ് യൗസേപ്പ് തിരഞ്ഞത് (ലൂക്കാ 2:41-50).

### 2. വി. യൗസേപ്പിൽ വിളങ്ങിയിരുന്ന പിതൃഭാവങ്ങൾ

വി. യൗസേപ്പ് പ്രിയപ്പെട്ട ഒരു പിതാവായിരുന്നു. മറിയത്തിന്റെ ഭർത്താവും ഈശോയുടെ പിതാവുമെന്ന നിലയിൽ രക്ഷാപദ്ധതിയുടെ ശുശ്രൂഷയിലായിരുന്നു യൗസേപ്പെന്ന് സഭാപിതാവായ വി. ജോൺ ക്രിസോസ്റ്റം സാക്ഷിക്കുന്നു. മനുഷ്യാവതാരരഹസ്യത്തിനും അതിന്റെ രക്ഷാകരലക്ഷ്യത്തിനുമായി ജീവിതത്തെ ബലിപരമായ ശുശ്രൂഷയായി രൂപാന്തരപ്പെടുത്തി യൗസേപ്പ് തന്റെ പിതൃത്വം വെളിപ്പെടുത്തിയതായി വി. പോൾ ആറാമൻ പാപ്പ പ്രസ്താവിക്കുന്നു.

#### 2.1. വാത്സല്യമുള്ള പിതാവ്

വാത്സല്യത്തോടും കരുതലോടുംകൂടെയാണ് യൗസേപ്പ് ഈശോയെ വളർത്തിയത്. ദൈവപുത്രന്റെ വളർത്തുപിതാവാകാനുള്ള ഉത്തരവാദിത്വം യൗസേപ്പിനാണ് കൈവന്നത്. എല്ലാപിതാക്കന്മാരിലും ശ്രേഷ്ഠനാണ് ഈശോയുടെ വളർത്തുപിതാവായ യൗസേപ്പിതാവെന്ന് ചരിത്രം സാക്ഷിക്കുന്നു. ജോസഫിന്റെ പക്കൽ പോകുവിൻ എന്നാണ് ഈജിപ്തിൽ

www.malankaralibrary.com

ക്ഷാമമമായപ്പോൾ ഫറവോ ഈജിപ്തുകാരോട് പറഞ്ഞത് (ഉല്പ 41: 55). പൂർവയൗസേപ്പിന്റെ പിന്തുടർച്ചക്കാരനായ വി. യൗസേപ്പ് പഴയനിയമത്തെയും പുതിയനിയമത്തെയും ബന്ധിക്കുന്ന കണ്ണിയായി വർത്തിക്കുന്നു. രക്ഷകന്റെ പരിപാലകൻ എന്നാണ് ജോൺപോൾ രണ്ടാമൻ പാപ്പാ വി. യൗസേപ്പിനെ വിളിച്ചത്.

2.2. അനുസരണമുള്ള പിതാവ്

സ്വപ്നങ്ങളിലൂടെയാണ് ദൈവഹിതം യൗസേപ്പിന് വെളിപ്പെടുത്തിക്കിട്ടിയത്. ഒന്നാമതായി, സ്വപ്നത്തിലൂടെ യൗസേപ്പിനെ ദൈവദൂതൻ ധൈര്യപ്പെടുത്തുന്നതായി നാം സുവിശേഷത്തിൽ വായിക്കുന്നു. മറിയത്തിന്റെ ഗർഭധാരണത്തെക്കുറിച്ച് യൗസേപ്പ് അസ്വസ്ഥനാകുകയും അവളെ രഹസ്യത്തിൽ ഉപേക്ഷിക്കാൻ തീരുമാനിക്കുകയും ചെയ്യുന്നു (മത്താ 1: 19). ഈ പ്രതിസന്ധിഘട്ടത്തിൽ സഹായത്തിനായി മാലാഖ സ്വപ്നത്തിലൂടെ എത്തുന്നു. മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട എന്നു പറഞ്ഞ് അദ്ദേഹത്തെ ദൈവദൂതൻ ധൈര്യപ്പെടുത്തുന്നു (മത്താ 1: 20-21). ദൈവദൂതന്റെ വാക്കുകൾ അനുസരിച്ച് യൗസേപ്പ് മറിയത്തെ സ്വീകരിക്കുന്നു (മത്താ 1: 24). രണ്ടാമതായി, സ്വപ്നത്തിലൂടെയാണ് മാതാവിനെയും ശിശുവിനെയുംകൂട്ടി ഈജിപ്തിലേക്കുപോകാൻ യൗസേപ്പിനോട് ദൈവദൂതൻ നിർദേശിക്കുന്നത് (മത്താ 2: 13). അപ്പോഴും, എല്ലാ ബുദ്ധിമുട്ടുകളും സഹിച്ച് യൗസേപ്പ് ദൈവഹിതത്തിന് കീഴ്‌വഴങ്ങുന്നു (മത്താ 1: 14-15). മൂന്നാമതായി, സ്വപ്നത്തിലൂടെ ദൈവദൂതൻ നിർദേശിച്ചതനുസരിച്ചാണ് യൗസേപ്പ് ഈജിപ്തിൽനിന്നും മാതാവിനെയും ശിശുവിനെയുംകൂട്ടി സ്വദേശത്തേക്കു മടങ്ങുന്നത് (മത്താ 2: 21). വി. യൗസേപ്പ് സ്വീകരിക്കുന്ന പിതാവായിരുന്നു. യൗസേപ്പ് വ്യവസ്ഥകളില്ലാതെയാണ് മറിയത്തെ സ്വീകരിച്ചത്. ദൈവദൂതന്റെ വാക്കുകളെ പൂർണ്ണമായി സ്വീകരിക്കുകയും യാഥാർഥ്യങ്ങളെ തുറന്ന മനസ്സോടെ അംഗീകരിക്കുകയും ചെയ്തു.

2.3. ധൈര്യമുള്ള പിതാവ്

ലോകരക്ഷകനായ ഈശോയ്ക്ക് പിറക്കാൻ ഇടംകിട്ടാതെ വന്നപ്പോൾ പുൽത്തൊട്ടിയെ ഒരുവീടുപോലെ ഒരുക്കിയത് യൗസേപ്പിന്റെ ധൈര്യമാണ് (ലൂക്കാ 2: 67). രണ്ടുവയസ്സിൽ താഴെയുള്ള ശിശുക്കളെ വധിക്കാൻ ഹേറോദേസ് പദ്ധതിയിടുന്നുവെന്നറിഞ്ഞ് അമ്മയെയും കുഞ്ഞിനെയും കൂട്ടിക്കൊണ്ട് രാത്രിയിൽ ഈജിപ്തിലേക്ക് പലായനം ചെയ്തതും യൗസേപ്പിന്റെ ധീരതയ്ക്കു മകുടോദാഹരണമാണ് (മത്താ 2: 13-14). അപ്രകാരം, എല്ലാ പ്രശ്നങ്ങളെയും ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ട് യൗസേപ്പ് തരണം ചെയ്തു. ദൈവപുത്രൻ ഏറ്റവും നിസഹായമായ അവസ്ഥയിലാണ് ഈ ഭൂമിയിൽ അവതരിച്ചത്. അവൻ യൗസേപ്പിനാൽ സംരക്ഷിക്കപ്പെടുകയും, വളർത്തപ്പെടുകയും ചെയ്തു. അതുപോലെ അതുപോലെ മറിയത്തെയും പരിപാലിച്ചത് യൗസേപ്പാണ്. തന്മൂലം മിശിഹായുടെ മൗതികശരീരമായ സഭയുടെ സംരക്ഷകൻ യൗസേപ്പാണ്. യൗസേപ്പിന്റെ പാത പിന്തുടർന്ന് നമ്മളും സഭയിലെ ദരിദ്രരെയും, ആവശ്യക്കാരെയും നിസ്സഹായരെയും സംരക്ഷിക്കണം.

2.4. അദ്ധ്വാനിക്കുന്ന പിതാവ്

തച്ചനായിരുന്ന യൗസേപ്പ് അനുദിനം അദ്ധ്വാനിച്ചാണ് കുടുംബത്തെ സംരക്ഷിച്ചത്. മാന്യമായി തൊഴിൽ ചെയ്തു ജീവിക്കുന്നതിന്റെ മകുടോദാഹരണമാണ് യൗസേപ്പ്. അദ്ധ്വാനിക്കുന്നവർ ദൈവത്തോട് സഹകരിക്കുന്നവരും സൃഷ്ടികർത്താക്കളുമാണ്. തൊഴിലാളികളുടെ മദ്ധ്യസ്ഥനെന്ന് 12ാം പീയൂസ് പാപ്പാ വി. യൗസേപ്പിനെ

www.malankaralibrary.com

വിളിക്കുകയുണ്ടായി. എത്രയോ പള്ളികളും, സന്യാസസ്ഥാപനങ്ങളും, പ്രസ്ഥാനങ്ങളുമാണ് യൗസേപ്പിന്റെ നാമധേയത്തിൽ ഉള്ളത്. നല്ല മരണത്തിന്റെ മദ്ധ്യസ്ഥനെന്നും യൗസേപ്പ് സാർവത്രികമായി അറിയപ്പെടുന്നു.

വി. യൗസേപ്പ് നിഴലിൽ വർത്തിച്ച പിതാവായിരുന്നു. സ്വർഗസ്ഥനായ പിതാവിന്റെ ഭൗമികനിഴലായി ഈശോയ്ക്ക് വേണ്ടി യൗസേപ്പ് ജീവിച്ചു. ഈശോയുടെ ജീവിതത്തിൽ പിതാവിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും യൗസേപ്പ് ഭംഗിയായി നിർവ്വഹിച്ചു. ഒരു കുഞ്ഞിനെ ലോകത്തിന് നല്കിയതുകൊണ്ട് ആരും പിതാക്കന്മാരായിത്തീരുന്നില്ല. പ്രത്യുത, ആ കുഞ്ഞിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് വളർത്തുമ്പോഴാണ് പിതാവായിത്തീരുന്നത്. അങ്ങനെ നോക്കുമ്പാൾ, സുവിശേഷം വഴി ഈശോമിശിഹായിലാണ് ഓരോ പുരോഹിതനും മെത്രാനും പിതാവായിത്തീരുന്നതെന്ന് ഫ്രാൻസിസ് പാപ്പാ ഓർമിപ്പിക്കുന്നു.

സംശുദ്ധനായ പിതാവാണ് യൗസേപ്പ്. സ്വാർത്ഥതയുടെ ലാഞ്ചന ലവലേശം അദ്ദേഹത്തിലുണ്ടായിരുന്നില്ല. തന്മൂലം അനിതരസാധാരണമായ സ്വാതന്ത്ര്യത്തോടെ എല്ലാവരെയും സ്നേഹിക്കാൻ യൗസേപ്പിനു കഴിഞ്ഞു. തന്നെക്കുറിച്ച് ചിന്തിക്കാതെ മറിയത്തെയും ഈശോയെയും നിസ്വാർത്ഥമായി പരിചരിക്കുകയും ആത്മദാനത്തിൽ യൗസേപ്പ് ആനന്ദം കണ്ടെത്തുകയും ചെയ്തു. പ്രത്യാശയുടെ പാദമുദ്രകൾ അദ്ദേഹത്തിന്റെ ജീവിതത്തെ മുന്നോട്ട് നടത്തി. തന്റെ മകന്റെ പിന്നിലെ ഒരു നിഴലായി മാത്രം യൗസേപ്പ് ജീവിച്ചു. വിശുദ്ധ യൗസേപ്പിനോടുള്ള സ്നേഹബന്ധത്തിൽ ആഴപ്പെടാനും, മാദ്ധ്യസ്ഥ്യം അപേക്ഷിക്കാനും അദ്ദേഹത്തിൽ വിളങ്ങിയിരുന്ന സുകൃതങ്ങൾ പരിശീലിക്കാനും വിശുദ്ധ യൗസേപ്പിന്റെ വർഷാചരണവേളയിൽ നമുക്ക് പരിശ്രമിക്കാം.

ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ
മൗണ്ട് സെന്റ് തോമസ്
കാക്കനാട്.